6417
7/7/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് -ഗാർഹികാതിക്രമങ്ങൾ ഉൾപ്പെടെ പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസ പദ്ധതി- ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 413/2014/സാനീവ തീയതി, തിരുവനന്തപുരം, 20.06.2014

---

പരാമർശം :- (1) 29.03.2014 ലെ സ.ഉ(സാധാ) നം. 227/2014/സാനീവ.
(2) സാമൂഹ്യനീതി ഡയറക്ടറുടെ 25.04.2014 ലെ സി2-12064/14 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഗാർഹികാതിക്രമങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി 25,000/- രൂപയ്ക്ക് മുകളിൽ ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി 2013-14 സാമ്പത്തിക വർഷത്തിൽ '2235-02-106-93 പ്ലാൻ' ശീർഷകത്തിൽ നിന്നും 13,85,000/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) 2014 മാർച്ച് 31 ന് ട്രഷറി നിയന്ത്രണം നിലവിൽ വന്നതിനാൽ പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് സാധിച്ചിട്ടില്ലായെന്നും, ആയതിനാൽ ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-106-93 പ്ലാൻ' ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതൊരു തുടർ പദ്ധതിയായതിനാൽ, പ്രസ്തുത 13,85,000/- രൂപ (പതിമൂന്ന് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-106-93 പ്ലാൻ' ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
✓വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ